പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2602</u> <u>17.06.2019-ൽ മറുപടിയ്ക്ക്</u>

## പട്ടിക ഗോത്രവർഗ്ഗ മേഖലകളിൽ പ്രത്യേക തൊഴിൽ പദ്ധതി

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടിക ഗോത്രവർഗ്ഗ മേഖലകളിൽ ഇപ്പോഴും ദാരിദ്ര്യവും തൊഴിലില്ലായ്മയും രോഗങ്ങളും നിലനിൽക്കുന്നുവെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | എ) | പട്ടികഗോത്രവർഗ്ഗ മേഖലകളിൽ ദാരിദ്രവും, തൊഴിലില്ലായ്മയും, രോഗങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിനായി വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) | ഇവരുടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി പ്രത്യേക തൊഴിൽ പദ്ധതി വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ടോ; ഇതിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി പ്രത്യേക തൊഴിൽ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. തൊഴിൽ ലഭ്യമാകുന്നതിലൂടെ വരുമാനം നേടുന്നതിനും അതിലൂടെ ജീവിതനിലവാരം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | മഹാത്മ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് കഴിഞ്ഞ വർഷം ശരാശരി എത്ര ദിവസമാണ് തൊഴിൽ നൽകുവാൻ സാധിച്ചത് എന്നറിയിക്കുമോ; | സി) | മഹാത്മ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് 120551 കുടുംബങ്ങൾക്ക് തൊഴിൽകാർഡ് ലഭിച്ചിട്ടുണ്ട്. 2018–19 സാമ്പത്തികവർഷം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ശരാശരി 79 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ശരാശരി 66 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കുവാൻ സാധിച്ചത്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൃഷ്ടിച്ച തൊഴിൽദിനങ്ങൾ സംസ്ഥാന ശരാശരിയേക്കാൾ മുകളിലാണ്. |

| | | | |
|---|---|---|---|
| ഡി) | ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകുമോ? | ഡി) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തികവർഷം "കേരള ട്രൈബൽ പ്ലസ്'' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം എം.ജി.എൻ.ആർ.ജി.എ ഉറപ്പ് വരുത്തിയിട്ടുള്ള 100 തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാകുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വകുപ്പ് അനവധി പരിപാടികൾ നടപ്പിലാക്കി വരുന്നു. കേരളത്തിലെ ഓരോ പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി ലഭ്യമാക്കുക എന്നത് പതിമൂന്നാം പഞ്ച വത്സര പദ്ധതിയിലെ പ്രഖ്യാപിത ലക്ഷ്യമാണ്. 2019-20 വർഷത്തിലെ ഗവർണ്ണറുടെ നയപ്രഖ്യാപന ത്തിലും ഇത് പ്രതിപാദിച്ചിട്ടുണ്ട്.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീ ലനങ്ങൾ, ബാങ്ക് പ്രവേശനാ പരിശീലനങ്ങൾ റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

ആധുനികവും പരമ്പരാഗതവുമായ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനായി വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകൾ പ രിശോധിച്ചു കൊണ്ട് സാധ്യതകൾ നിലനിൽ ക്കുന്ന മേഖലകൾക്ക് ഊന്നൽ നൽകി നൈപുണ്യ വികസന പരിശീലനം നൽകി വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ള പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുക എന്നതാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 വരെ ഇത്തരത്തിൽ അഭ്യസ്ത വിദ്യരായ 3428 പേർക്ക് വിവിധ മേഖലയിൽ നൈപുണ്യവികസന പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തി.

കാർഷിക മേഖലയിൽ ജീവനോപാധി ഉറപ്പു വരുത്തുന്നതിനായി മൃഗ സംരക്ഷണ വകുപ്പ്, കൃഷിവകുപ്പ്, മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളു മായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന് പുറമേ ഊരുകൂട്ട ങ്ങൾ അംഗീകാരം നൽകുന്ന ജീവനോപാധി പദ്ധതികൾക്കായി കോർപ്പസ് ഫണ്ട്, എസ്. സി.എ.ടു. ടി.എസ്.പി. പൂൾഡ് ഫണ്ട് തുടങ്ങിയ വിവിധ ഫണ്ടുകൾ ഉപയോഗിച്ചും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് ഗോത്ര ബന്ധു(മെന്റർ ടീച്ചർ), സാമൂഹ്യ പഠനമുറി (ട്യൂട്ടർ), എസ്.ടി പ്രൊമോട്ടർ, മാനേജ്മെന്റ് ട്രെയിനി, കമ്മിറ്റഡ് സോഷ്യൽ വർക്കർ, പ്രേരക്മാർ, ഇൻസ്ട്ര ക്ടർമാർ (സാക്ഷരത), കുടുംബശ്രീ അനിമേറ്റർ, മില്ലെറ്റ് വില്ലേജ് (പ്രോജക്ടിന്റെ ഭാഗമായി) പദ്ധതികൾ പ്രകാരം 2603 പേർക്ക് തൊഴിൽ ലഭ്യമാക്കി സാമ്പത്തിക നേട്ടം കൈവരിക്കുന്നതിന് സഹായിച്ചു.

**തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതിയും റിവോൾവിംഗ് ഫണ്ട് പദ്ധതിയും**

- പട്ടികവർഗക്കാർക്ക് നിലവിൽ അനുവദിച്ച് വരുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ കൂടി സൃഷ്ടിച്ച് പട്ടിക

വർഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യ പ്രാപ്തിയിൽ എത്തുന്നു. മഹാത്മഗാന്ധി തൊഴിലുറപ്പ് സ്റ്റേറ്റ് മിഷൻ വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2017–18 വർഷത്തിൽ 30,05,299 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച സാഹചര്യത്തിൽ 2018–19 വർഷത്തിൽ 54,19,122 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിന് മുകളിൽ തൊഴിൽ ലഭിച്ചു.

- മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻകൂർ വേതനം നൽകുന്നതിന് പട്ടികവർഗ വികസന വകുപ്പ് 11.13 കോടി രൂപയിൽ അട്ടപ്പാടിയിലേക്ക് 6 കോടി രൂപയും വയനാട്ടിലേക്ക് 5.13 കോടി രൂപയു കുടുംബശ്രീ മുഖേന നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളിൽ കുടുംബശ്രീ ഊരുസമിതി വഴിയും വയനാട്ടിലെ പനമരം, മുട്ടിൽ, പുൽപ്പള്ളി ഗ്രാമപ്പഞ്ചായത്തുകളിൽ കുടുംബശ്രീ, എ.ഡി.എസ്. മുഖേനയുമാണ് നടപ്പിലാക്കുന്നത്.

**<u>മില്ലറ്റ് വില്ലേജ് – അട്ടപ്പാടി</u>**

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017–18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫ് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 70 ഊരുകളിലായി 760 ഹെക്ടർ കൃഷി ഇറക്കി രണ്ടാം വിളവ് നടപ്പിലാക്കി വരുന്നു. ചെറുധാന്യങ്ങൾ വിവിധ ഊരുകളിൽ നിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**<u>പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം – പുതിയ പദ്ധതി</u>**

2019–20 സാമ്പത്തിക വർഷത്തെ ഒരു പുതിയ പദ്ധതിയാണിത്. പട്ടികവർഗ്ഗക്കാരുടെയുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. ഈ പ്രദേശത്ത് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക ഇതിലൂടെ സുസ്ഥിരമായ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം വച്ച് 15.00 കോടി രൂപ വാർഷിക പദ്ധ തിയിൽ ഉൾപ്പെടുത്തി കൃഷി വികസനത്തിനായുള്ള പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി ആദ്യഘട്ടമെന്ന നിലയിൽ നബാർഡ് മുഖേന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ആറളം ഫാം, ചീങ്ങേരി, അട്ടപ്പാടി കോ–ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, എന്നിവയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രൊപോസൽ തയ്യാറാക്കി വരുന്നു.

കേരളസർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് ആധുനിക തൊഴിൽ മേഖലകളിൽ ഉാകുന്ന ജോലി സാദ്ധ്യതകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്. ഇതിനു പുറമേ **കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ്** (KASE) എന്ന സ്ഥാപനം അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുമായി വകുപ്പ് നേരിട്ടു കരാറിൽ ഏർപ്പെട്ട് ഇത്തരം ആധുനിക തൊഴിൽ പരിശീലനം നൽകി വരുന്നു്.

**ഇൻഫർമേഷൻ ടെക്നോളജിയിൽ തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം:-**

പട്ടികവർഗ യുവതീ യുവാക്കൾക്ക് ഐറ്റി മേഖലയിൽ ഡെസ്ക് ടോപ് ഇഞ്ചിനീയറിംഗ്, ഹാർഡ്വെയർ/സോഫ്റ്റ് വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ സ്ഥാപിച്ചു.

**പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണ ശാല: അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP):**

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ 6 മാസത്തെ പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്ര നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിനായി 219.13 ലക്ഷം രൂപയ്ക്ക് സർക്കാർ ഭരണാനുമതിയോടു കൂടി കെട്ടിട നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. "അടാപ്പ്" എന്ന പേരിൽ ഒരു സ്വയം സഹായ സംഘം എന്ന നിലയിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിച്ച് വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണത്തിനുള്ള നടപടി ആരംഭിച്ചു. 2019-20 അദ്ധ്യയന വർഷത്തിലെ യൂണിഫാമുകൾ ഈ സ്ഥാപനത്തിലാണ് നിർമ്മിക്കുന്നത്.

**ഗോത്രജീവിക**

2016-17 വർഷം മുതൽ ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭി ക്കുന്നതിനുള്ള സഹായം നൽകുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന 334 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു

ടി പദ്ധതിയുടെ ഭാഗമായി വിവിധമേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 53 സ്വയം സഹായ സംഘങ്ങങ്ങൾ രൂപീകരിക്കുകയും ഇവയ്ക്കുള്ള പ്രവർത്തന മൂലധനം 1.89 കോടി രൂപ നൽകുകയും ടി സംഘങ്ങളെ പ്രവർത്തന സജ്ജ്മാക്കുകയും ചെയ്തു. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾ എറ്റെടുക്കുവാൻ ടി സംഘങ്ങൾക്ക് സാധിച്ചു.

**ഗോത്ര രശ്മി**

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജിവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ ആദിവാസികളെ നേതൃരംഗത്തേക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇതിലൂടെ 60 ഗോത്ര രശ്മിഗ്രൂപ്പുകൾ രൂപീകരിച്ച് കാർഷിക സംരംഭകത്വത്തിന് സജ്ജരാക്കിയിട്ടുണ്ട്.

Hari

**സെക്ഷൻ ഓഫീസർ**